LIBRARY ARCHIVES Kerala Legislative Assembly

അങ്കണവാടികളുടെ വൈദ്യുതീകരണം

205(1190) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതീകരിക്കാത്ത അങ്കണവാടികൾ വൈദ്യുതീകരിക്കുമെന്ന പ്രഖ്യാപനം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതി ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വൈദ്യുതീകരണം സർക്കാരിന്റെ 100 ദിന പരിപാടിയിൽ 'പ്രത്യേക ഡ്രൈവ്' ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 31-8-2021-നകം പ്രസ്തുത അങ്കണവാടികളുടെ വൈദ്യുതീകരണം സാദ്ധ്യമാക്കുന്നതിനായുള്ള തീവ്ര പ്രവർത്തനങ്ങൾ ഊർജ്ജ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ചുകൊണ്ട് KSEBL വഴിയും, വൈദ്യുതീകരണം സാദ്ധ്യമാകാത്ത പ്രദേശങ്ങളിലെ അങ്കണവാടികളിൽ ANERT-മായി സഹകരിച്ച് സോളാർ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം വൈദ്യുതി ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികളുടേയും വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇപ്രകാരമുള്ള എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

തിരുവമ്പാടി നിയോജക മണ്ഡലത്തിൽ വൈദ്യുതീകരണത്തിനായി സർക്കാരിന്റെ 100 ദിനപരിപാടിയിൽ 12 അങ്കണവാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

മങ്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണം

206(1191) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിലെ 228 അങ്കണവാടികളിൽ 22 അങ്കണവാടികൾക്ക് പുതിയ കെട്ടിടവും 124 അങ്കണവാടി കെട്ടിടങ്ങൾക്ക് നവീകരണവും 80 അങ്കണവാടി കെട്ടിടങ്ങളിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.